# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5378** 06/07/2012 ൽ മറുപടിക്ക്

**കാൻസർ കെയർ പദ്ധതികളുടെ വിശദാംശങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.സി. ജോർജ്<br>ഡോ. എൻ. ജയരാജ്<br>ശ്രീ. എം.വി ശ്രേയാംസ് കുമാർ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന് കീഴിൽ നടപ്പാക്കി വരുന്ന കാൻസർ കെയർ പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ; | (എ) | മെഡിക്കൽ കോളേജുകൾ, ആർ.സി.സി, എം.സി.സി എന്നീ സ്ഥാപനങ്ങൾ ഇല്ലാത്ത ഏഴ് ജില്ലകളിലെ ജില്ല/ജനറൽ ആശുപത്രികളിൽ കാൻസർ കെയർ പ്രോഗ്രാമിന്റെ ഭാഗമായി പുതിയ കാൻസർ കെയർ യൂണിറ്റുകൾ ആരംഭിക്കുന്നതിന് 18/06/2012 ലെ ജി.ഒ(ആർ.റ്റി) 2019/2012/ആ.കു.വ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. എല്ലാ ജില്ലകളിലും കാൻസർ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും കാൻസർ ബോധവൽക്കരണം, സ്കൂൾ കോളേജ് തലങ്ങളിൽ നടത്താനും പദ്ധതി വിഭാവന ചെയ്തിട്ടുണ്ട്. വായിലെ കാൻസർ ഏറെയുള്ള ആദിവാസി ഊരുകളിൽ മൊബൈൽ കാൻസർ നിർണ്ണയ ക്യാമ്പുകൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എറണാകുളം ജനറൽ ആശുപത്രിയിൽ കീമോതെറാപ്പി യൂണിറ്റിന്റെ നവീകരണം, തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ മാമോഗ്രാഫി സംവിധാനം നിലവിൽ കാൻസർ നിർണ്ണയം നടത്തുന്ന കൊല്ലം പാലക്കാട് ജില്ലാ ആശുപത്രികൾക്ക് ധനസഹായം എന്നിവയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമേ കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.പി.സി.ഡി.സി.എസ് വഴി അഞ്ച് ജില്ലകളിൽ കാൻസർ കെയർ സംവിധാനം ആരംഭിക്കുന്നതിനുള്ള പദ്ധതി പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഈ ഇനത്തിൽ കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ നീക്കി വെച്ച തുക എത്രയാണ്; ചെലവഴിച്ചത് എത്രയാണ്; | (ബി) | 2009-10, 2010-11 എന്നീ വർഷങ്ങളിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. 2011-12 വർഷത്തിൽ 70 ലക്ഷം രൂപ വകയിരുത്തുകയും, അതിൽ 69,84,111 രൂപ ചെലവഴിക്കുകയും 15,889 രൂപ തിരിച്ചടക്കുകയും ചെയ്തു. 2012-13 സാമ്പത്തിക വർഷത്തിൽ കാൻസർ കെയർ പദ്ധതിക്കായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുക വിനിയോഗിക്കുന്നതിന് 18/06/2012 ലെ ജി.ഒ(ആർ.റ്റി) 2019/2012/ആ.കു.വ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | എല്ലാ ജില്ലകളിലും അർബുദ ചികിത്സാ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് പദ്ധതിയുണ്ടോ; | (സി) & (ഡി) | മെഡിക്കൽ കോളേജുകൾ, ആർ.സി.സി, എം.സി.സി എന്നീ സ്ഥാപനങ്ങൾ ഇല്ലാത്ത ഏഴ് ജില്ലകളിലെ ജില്ല/ജനറൽ ആശുപത്രികളിൽ കാൻസർ കെയർ പ്രോഗ്രാമിന്റെ ഭാഗമായി പുതിയ കാൻസർ കെയർ യൂണിറ്റുകൾ ആരംഭിക്കുന്നതിന് 18/06/2012 ലെ ജി.ഒ(ആർ.റ്റി) 2019/2012/ആ.കു.വ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. എല്ലാ ജില്ലകളിലും കാൻസർ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും കാൻസർ ബോധവൽക്കരണം, സ്കൂൾ കോളേജ് തലങ്ങളിൽ നടത്തുവാനും പദ്ധതി വിഭാവന ചെയ്തിട്ടുണ്ട്. വായിലെ കാൻസർ ഏറെയുള്ള ആദിവാസി ഊരുകളിൽ മൊബൈൽ കാൻസർ നിർണ്ണയ ക്യാമ്പുകൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം അധികരിച്ച് കാണുന്ന ജില്ലകളിൽ ഇതിനോടകം എന്തെല്ലാം ചികിത്സാ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ